കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് - ലോക് അദാലത്തിന്റെ പ്രശ്ന പരിഹാരം കാണണമെന്ന നിർദ്ദേശം പാലിക്കുവാൻ ആര്യാട് ബ്ലോക്കിലെ മുഹമ്മ ഗ്രാമ പഞ്ചായത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്താനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ)നം.249/2013/തസ്വഭവ തിരുവനന്തപുരം, തീയതി, 30/01/2013

പരാമർശം:- കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 05/12/2012 ലെ A. 1701/2012 നമ്പർ കത്ത്

## ഉത്തരവ്

മുഹമ്മ ഗ്രാമ പഞ്ചായത്തിലെ ശ്രീമതി പത്മജയുടെ ഉടമസ്ഥതയിൽ ഉള്ള ചീരപ്പൻ ചിറ പുരയിടത്തിൽ വിളക്ക് വയ്ക്കുന്ന പുരയുടെ മുന്നിലായി മലിനജലം നീക്കം ചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സ്ഥാപിച്ച പൈപ്പ് നീക്കം ചെയ്ത് പരാതിയ്ക്ക് പരിഹാരം കാണണമെന്ന് ലോക് അദാലത്ത് നിർദ്ദേശിച്ചുവെങ്കിലും ഗ്രാമ പഞ്ചായത്തുകളുടെ പുന:സംഘടന കഴിഞ്ഞപ്പോൾ മുഹമ്മ ഗ്രാമ പഞ്ചായത്ത് ആര്യാട് ബ്ലോക്കിന് കീഴിൽ ആയതിനാൽ ടി ഗ്രാമ പഞ്ചായത്തിലെ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കി പ്രശ്നം പരിഹരിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ പ്രകാരം കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക് അദാലത്തിന്റെ നിർദ്ദേശ പ്രകാരം പ്രശ്നം പരിഹരിക്കുന്നതിനായി കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തിന് ആര്യാട് ബ്ലോക്കിൽ ഉൾപ്പെട്ട മുഹമ്മ ഗ്രാമ പഞ്ചായത്തിൽ ശ്രീമതി കെ.വി.പത്മജയുടെ ഉടമസ്ഥതയിൽ ഉള്ള പുരയിടത്തിൽ പൈപ്പ് നീക്കം ചെയ്യുന്ന പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം),
**എസ്. ഡി.സുനിൽ കുമാർ**
**അണ്ടർ സെക്രട്ടറി**

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത്
3. സെക്രട്ടറി, ആര്യാട് ബ്ലോക്ക് പഞ്ചായത്ത്
4. സെക്രട്ടറി, മുഹമ്മ ഗ്രാമ പഞ്ചായത്ത്
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
6. അക്കൗണ്ടന്റ് ജനറൽ (എ. & ഇ), തിരുവനന്തപുരം.
7. ഡയറക്ടർ, ഐ.കെ.എം.
8. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.